പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3943 24.08.2017-ന് മറുപടിയ്ക്ക്

പട്ടയവിതരണത്തിനായി വനം,റവന്യൂ വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ

ചോദ്യം

ശ്രീ. പി.കെ.ബഷീർ

മറുപടി

ശ്രീ. കെ. രാജു
(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ പട്ടയം വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ നേരിടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ പട്ടയം വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളിലാണ് വനം വകുപ്പും റവന്യൂ വകുപ്പും സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കാത്തതിന്റെയും ജണ്ടകെട്ടി വനഭൂമി വേർതിരിക്കാത്തതിന്റെയും പേരിൽ പട്ടയവിതരണം തടസ്സപ്പെട്ടിരിക്കുന്നത്; ജില്ല, താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിൽ വിശദാംശം നൽകുമോ; | (ബി) | സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിൽപ്പെട്ടതും, വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിന്റെ കീഴിൽ വരുന്നതുമായ കോട്ടത്തറ വില്ലേജിലെ, ആനപ്പാറ, കുന്നമ്പറ്റ, മണ്ണാത്തിക്കുണ്ട്, മാൻകുന്ന്, എരുമക്കൊല്ലി, ചുളുക്ക, ഓടത്തോട്, വെള്ളരിമല വില്ലേജിലെ കള്ളാടി, താഞ്ഞിലോട്, ചൂരൽമല, മുണ്ടക്കൈ, അട്ടമല, തൃക്കൈപ്പറ്റ വില്ലേജിലെ വേങ്ങാച്ചോല, നെടുമ്പാല, മൂപ്പയിനാട് വില്ലേജിലെ ജെയ്ഹിന്ദ്, അരപ്പറ്റ, കടച്ചിക്കുന്ന്, കാന്തൻപാറ, നീലിമല, റിപ്പൺ, നെടുങ്കരണ എന്നീ സ്ഥലങ്ങളിലും, നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽ വരുന്നതും മലപ്പുറം ജില്ല, പെരിന്തൽമണ്ണ താലൂക്ക് കാര്യവട്ടം വില്ലേജിലുമാണ് വനം വകുപ്പും റവന്യൂ വകുപ്പും സംയുക്ത പരിശോധന പൂർത്തിയാക്കാത്തതിന്റെയും, ജണ്ട കെട്ടി വനഭൂമി വേർതിരിക്കാത്തതിന്റെയും പേരിൽ പട്ടയവിതരണം തടസ്സപ്പെട്ടിരിക്കുന്നത്. കൂടാതെ ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ മാങ്കുളം വില്ലേജിൽ ഉൾപ്പെട്ടിട്ടുള്ള മാങ്കുളം ഡിവിഷനിൽ ഫോറസ്റ്റ് സെറ്റിൽമെന്റ് സർവ്വേ നടന്നു വരികയാണ്. |
| (സി) | വനഭൂമി കൈയേറിയതിന്റെ പേരിൽ സംസ്ഥാനത്ത് വസ്തുക്കരം സ്വീകരിക്കരുതെന്ന നിർദ്ദേശം വനം വകുപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിൽപ്പെട്ടതും, മേൽ(ബി) ഉത്തരത്തിൽപ്പെട്ടതും വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമികൾക്ക് നികുതി സ്വീകരിക്കുന്നതിന് വനം വകുപ്പിന്റെ എൻ.ഒ.സി റവന്യൂ വകുപ്പ് (വില്ലേജ് ഓഫീസർ) ആവശ്യപ്പെടുന്ന കേസുകളിൽ പ്രസ്തുത വസ്തുവിന്റ നിലവിലെ സ്ഥിതി പരിശോധിച്ച് ടി ഭൂമിയിന്മേൽ തർക്കങ്ങളോ വ്യവഹാരങ്ങളോ ഉള്ള പക്ഷം ആയതിന്മേൽ തീരുമാനം ഉണ്ടാകുന്നതു വരെ നികുതി സ്വീകരിക്കരുത് എന്ന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകി വരുന്നുണ്ട്. കൈയ്യേറ്റഭൂമി ആണെങ്കിൽ വനത്തിന്റെ സ്റ്റാറ്റസോടുകൂടി |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്നതാകയാൽ നികുതി സ്വീകരിക്കരുതെന്ന് ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. കോഴിക്കോട് ഡിവിഷനിൽ 1991-92 കാലയളവിൽ സംയുക്ത പരിശോധനയിൽ 01.01.1977 ന് ശേഷം വനഭൂമി കൈയ്യേറിയതായി കണ്ടെത്തിയ കൂരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപാറ, നെല്ലിപ്പൊയിൽ വില്ലേജുകളിലെ 95 വനം കയ്യേറ്റങ്ങളിൽ ഉൾപ്പെട്ട ഭൂമിക്കും പിന്നീട് വനാതിർത്തി പുനർനിർണ്ണയം നടത്തിയപ്പോൾ വനം കൈയ്യേറ്റമാണെന്ന് കണ്ടെത്തിയ കൂരാച്ചുണ്ട്, കാന്തലാട് വില്ലേജുകളിലെ 61 വനം കൈയ്യേറ്റ സ്ഥലങ്ങൾക്കും വസ്തുക്കരം സ്വീകരിക്കരുതെന്ന റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കാസർഗോഡ് ഡിവിഷനിലെ കാഞ്ഞങ്ങാട് റെയിഞ്ചിൽ അത്തിയടുക്കം ഭാഗത്ത് നികുതി സ്വീകരിക്കരുതെന്ന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പാലക്കാട് ജില്ലയിൽ നെന്മാറ ഡിവിഷന്റെ പരിധിയിൽ വരുന്ന കിഴക്കഞ്ചേരി I, കിഴക്കൻഞ്ചേരി II, മംഗലം ഡാം, എന്നീ വില്ലേജുകളിൽ വസ്തുക്കരം സ്വീകരിക്കുന്നതിന് മുമ്പ് ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിൽ എൻ.ഒ.സി യ്ക്കായി ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തുമ്പോൾ വനം കൈയ്യേറ്റം കണ്ടെത്തുന്ന സ്ഥലങ്ങളിൽ നികുതി സ്വീകരിക്കരുതെന്ന അറിയിപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ വനാതിർത്തി പങ്കിടുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വില്ലേജ് ഓഫീസർമാർ വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കിയതിനു ശേഷം മാത്രമെ കൈവശാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കാവൂ എന്ന് മുൻപിനാലെ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | ഇത് സംബന്ധമായി കോടതി വ്യവഹാരങ്ങളിൽപ്പെട്ട പ്രദേശങ്ങൾ, സർക്കാർ സ്വീകരിച്ച നടപടികൾ ഇവ വെളിപ്പെടുത്തുമോ; | (ഡി) | കയ്യേറ്റങ്ങൾ സംബന്ധിച്ച കേസുകളിൽ തീർപ്പ് ഉണ്ടാവുന്നതിനു വേണ്ടി യഥാസമയം കേസുകളുടെ നടത്തിപ്പിന് ആവശ്യമായ രേഖകളും തെളിവുകളും സമർപ്പിച്ച് അവ എത്രയും പെട്ടെന്ന് തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | വനം,റവന്യൂ വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | വനം കയ്യേറ്റത്തിലെ സംയുക്ത പരിശോധന റവന്യൂ വകുപ്പിന്റെ നേതൃത്വത്തിലാണ് നടത്തി വരുന്നത്. റവന്യൂ വകുപ്പ് ആവശ്യപ്പെടുന്ന ഘട്ടങ്ങളിലൊക്കെ സംയുക്ത പരിശോധനയ്ക്ക് ആവശ്യമായ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**